**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6763** **11-11-2021 - ൽ മറുപടിയ്ക്ക്**

**മലബാർ മിൽമ യൂണിറ്റിൽ ജൂനിയർ സൂപ്പർവൈസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മിൽമ യൂണിറ്റിൽ ജൂനിയർ സൂപ്പർവൈസർ തസ്തികയിലേക്ക് നടത്തിയ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | ജൂനിയർ സൂപ്പർവൈസർ തസ്തികയിലേയ്ക്ക് 18.04.2021 തീയതിയിൽ എഴുത്തു പരീക്ഷ നടത്തുകയുണ്ടായി. ഇതിന്റെ മൂല്യ നിർണയം പൂർത്തിയായിട്ടുണ്ട്. ഇതിൽ വിജയിച്ചവരുടെ ഫിസിക്കൽ സർട്ടിഫിക്കറ്റ് പരിശോധന ഉചിതമായ തീയതി നിശ്ചയിച്ച് അറിയി ക്കുകയും പരിശോധന പൂർത്തിയാക്കിയതിനു ശേഷം അനുയോജ്യരായ ഉദ്യോഗാർത്ഥി കളെ ഗ്രൂപ്പ് ഡിസ്കഷന് ക്ഷണിക്കുകയും, ശേഷം അഭിമുഖം നടത്തി തെരഞ്ഞെടുക്കുക യുമാണ് ചെയ്യുന്നത്. ഇതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തസ്തികയുടെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | 11 (പതിനൊന്ന്) ഒഴിവുകൾ |
| (സി) | റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഡിസംബർ 31 നകം തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | 2020 സെപ്റ്റംബറിൽ സൂപ്പർവൈസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇങ്ങനെ ഒരു റാങ്ക് ലിസ്റ്റ് നിലവിലില്ല |

സെക്ഷൻ ഓഫീസർ